# എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള സോഫ്റ്റ് സ്കിൽ വർക്ക്ഷോപ്പ്

കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ മാർഗ്ഗ രേഖയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് നഗരസഭയുടെ വിദ്യാഭ്യാസ കായിക - കാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2017-18 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന നൂതനമായ പദ്ധതിയാണ് നഗരസഭയുടെ പരിധിക്കുള്ളിലുള്ള സർക്കാർ സ്കൂളുകളിലെ 11, 12 ക്ലാസ്സുകളിലെ എസ്.സി./എസ്.ടി വിഭാഗത്തിലെ കുട്ടികൾക്കുള്ള പ്രത്യേകമായ സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം. പ്രസ്തുത പദ്ധതി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ യുവജന ക്ഷേമവകുപ്പ്, ഈക്വൽ ഓപ്പർച്ച്യൂണിറ്റി സെൽ എന്നിവയുടെ സഹകരണത്തിലാണ് നടത്തപ്പെടുന്നത്. 533 കുട്ടികൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു (എസ്.സി. - 518, എസ്.ടി - 15). നഗരസഭാതിർത്തിയിലെ 10 ഹയർ സെക്കന്ററി സ്കൂളുകളിലേയും 3 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയും വിദ്യാർത്ഥികളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. 3 ദിവസത്തെ ക്യാമ്പായി ഉദ്ദേശിച്ചിരിക്കുന്ന പദ്ധതി രണ്ട് ഘട്ടമായി നടത്തുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ആദ്യഘട്ടം പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്ക് 2017 നവംബർ 10, 11, 12 തീയതികളിൽ നടന്നു. പതിനൊന്നാം ക്ലാസ്സിലെ കുട്ടികൾക്ക് 2018 ജനുവരി 12,13,14 തീയതികളിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും അവരുടെ മുൻപിലുള്ള സാധ്യതകളുടേയും സാഹചര്യങ്ങളുടേയും നേർക്ക് അവരുടെ കണ്ണ് തുറപ്പിക്കുന്നതിനും വേണ്ടിയാണ് പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

ക്ലാസ്സ് മുറികൾക്കുള്ളിലെ സ്ഥിരം പാഠ്യക്രമത്തിൽ നിന്നകന്ന് ഭാവി ജീവിതം കൂടുതൽ കരുതലോടെ, തിരിച്ചറിവോടെ പ്ലാൻ ചെയ്യുവാൻ ഈ പദ്ധതി കുട്ടികളെ തീർച്ചയായും സഹായിക്കും. ഭാഷയിലൂടെ ഭാഷേതരവുമായ ആശയവിനിമയത്തെക്കുറിച്ച് നാടകാധിഷ്ഠിതമായ പാഠ്യ പദ്ധതിയാണ് ആദ്യത്തെ ദിവസം ഉദ്ദേ ശിച്ചിട്ടുള്ളത്. ഏകദേശം 6 മണിക്കൂർ ഇങ്ങനെയുള്ളതിൽ വാപൃതരായ ശേഷം വൈകുന്നേരം ഇതിൽ നിന്നുരുത്തിരിഞ്ഞ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുട്ടികളുടെ തന്നെ പ്രകടനങ്ങളും തുടർന്ന് കോഴിക്കോട് ജനശക്തി തിയ്യേറ്റർ അവതരിപ്പിക്കുന്ന 'തെരഞ്ഞെടുപ്പ്' എന്ന ഏകാങ്ക നാടകവും ഉണ്ടായിരിക്കുന്നതാണ്.

ഭാഷാ നിപുണത, ക്രിയേറ്റിവിറ്റി, സയൻസ് ടെമ്പർ, ഗ്രൂപ്പ് ഡൈനാമിക്സ്, ലിഡർഷിപ്പ്, ഓർമ്മ ശക്തി, ടെക്നിക്കൽ സ്കിൽസ് തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖർ ക്ലാസ്സുകൾ എടുക്കും. രണ്ടാം ഘട്ടം പരിപാടിയുടെ ഉദ്ഘാടനം വെള്ളിയാഴ്ച രാവിലെ 9.30 ന് കൊച്ചി സർവ്വകലാശാലയിലെ സെമിനാർ കോംപ്ലക്സിൽ കൊച്ചി കോർപ്പറേഷൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീമതി.ഗ്രേസി ജോസഫ് ഉദ്ഘാടനം ചെയ്യും. ശ്രീമതി.ഹേമ പ്രഹ്ളാദ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ.പൂർണ്ണിമ നാരായണൻ, ഡോ.കെ.കെ.ശശിധരൻ, ഡോ.ഡേവിഡ് പീറ്റർ, ഡോ.ശശി ഗോപാലൻ, ഡോ.പി.കെ.ബേബി എന്നിവർ സംസാരിക്കും.